**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 678** **06-12-2022 - ൽ മറുപടിയ്ക്ക്**

**പുതിയ സംരംഭകരെ ആകർഷിക്കാനുള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വ്യവസായിക മേഖലയിൽ പുതിയ സംരംഭകരെ ആകർഷിക്കാൻ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത്; പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര സംരംഭങ്ങൾ പുതുതായി ആരംഭിക്കാൻ സാധിച്ചിട്ടുണ്ട് വിശദമാക്കുമോ? | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതി തദ്ദേശ സ്വയം ഭരണം, സഹകരണം, ഫിഷറീസ്, മൃഗ സംരക്ഷണം മുതലായ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് നടത്തിവരുന്നു. പദ്ധതിയുടെ ഭാഗമായി 02/12/2022 വരെ **96,425** സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതുൾപ്പെടെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതു വരെ ആകെ **1,10,828** സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022- 23 വർഷത്തെ ബഡ്ജറ്റിൽ MSME മേഖലയ്ക്കായി 45.6 കോടി രൂപയുടെ ഒരു വിപുലമായ പാക്കേജ് ഈ സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കി വരുന്നുണ്ട്. ഇതിൽ താഴെപ്പറയുന്ന 7 പുതിയ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>1. നിലവിലുള്ള എം എസ് എം ഇ-കളിൽ സൂക്ഷ്മ സംരംഭങ്ങളിൽ നിന്ന് ചെറുകിട സംരംഭങ്ങളായും ചെറുകിട സംരംഭങ്ങളിൽ നിന്നും ഇടത്തരം സംരംഭങ്ങളായും ഉയർത്തിക്കൊണ്ടുവരുന്നതിനുള്ള സഹായം<br><br>2. നിലവിലുള്ള എം എസ് എം ഇ-കൾക്ക് കയറ്റുമതി പ്രോത്സാഹനത്തിനുള്ള സഹായം.<br><br>3. സ്വകാര്യ വ്യവസായ പാർക്കുകളുടെ പ്രോത്സാഹനം<br><br>4. ഒരു കുടുംബം ഒരു സംരംഭം പദ്ധതി |

| | | | |
|---|---|---|---|
| | | | 5. എം എസ് എം ഇ കളുടെ പ്രാദേശിക വിപണികൾക്ക് പശ്ചാത്തല സൗകര്യമൊരുക്കൽ<br><br>6. മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം<br><br>7. സംസ്ഥാന ക്ലസ്റ്റർ വികസന പരിപാടി<br><br>കൂടാതെ സൂക്ഷ്മ - ചെറുകിട -ഇടത്തരം മേഖലയിലെ സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി താഴെപ്പറയുന്ന വിവിധ ധനസഹായ പദ്ധതികൾ വ്യവസായ വാണിജ്യ വകുപ്പ് വഴി നടപ്പിലാക്കി വരുന്നുണ്ട്<br><br>1. സംരംഭക സഹായ പദ്ധതി(ESS)<br><br>2. നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതി<br><br>3. ചെറുകിട യൂണിറ്റുകൾക്ക് നൽകുന്ന മാർജിൻ മണിഗ്രാന്റ്<br><br>4. പ്രവർത്തന രഹിതമായതും നഷ്ടത്തിൽ പ്രവർത്തിക്കുന്നതുമായ എം.എസ്.എം.ഇ. സംരംഭങ്ങൾക്കുള്ള പദ്ധതികൾ<br><br>a. Revival and rehabilitation scheme for defunct MSMEs and cashew processing units<br><br>b. The Kerala stressed MSMEs Revival & Rehabilitation Scheme<br><br>5. കരകൗശല മേഖലയ്ക്കുള്ള ആശ പദ്ധതി<br><br>6. സൂക്ഷ്മ ചെറുകിട സംരംഭങ്ങൾക്കുള്ള ക്ലസ്റ്റർ വികസന പദ്ധതി<br><br>7. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (PMEGP)<br><br>8. സൂക്ഷ്മ ഭക്ഷ്യസംസ്കരണ മേഖലയ്ക്കായുള്ള PMFME പദ്ധതി |

സെക്ഷൻ ഓഫീസർ